പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7820 15.07.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം

ചോദ്യം ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പറ്റിയ എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളാണ് നാളിതുവരെയായും പൂർണ്ണമായും വിതരണം ചെയ്യാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 30.06.2014 വരെ കെ.എസ്.ആർ.ടി.സിയിൽ നിന്നും പെൻഷൻ പറ്റിയ 236 ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാനുണ്ട്. ടി ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഏത് തീയതിവരെ റിട്ടയർ ചെയ്തവർക്കാണ് പൂർണ്ണമായും പെൻഷൻ നൽകിയിട്ടുള്ളത്; | (ബി) | 30.04.2014 വരെ റിട്ടയർ ചെയ്തവർക്ക് പൂർണ്ണമായും പെൻഷൻ നൽകിയിട്ടുണ്ട്. |
| (സി) | ഇവർക്കുള്ള പെൻഷൻ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | കോർപ്പറേഷനിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നത്. പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചതിന് ശേഷം ഇതര പെൻഷൻകാരോടൊപ്പം പെൻഷൻ തുക നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ